# ഒറ്റ്

ഇടക്കുളങ്ങര ഗോപൻ

പുഷ്പപാത്രത്തിലാണ്
നിറതോക്ക് ഒളിപ്പിച്ചത്
ഭക്ഷണമേശയിൽ
എരിഞ്ഞുതീരാമെഴുതിരിനാളം
തെക്കോട്ട് ചാഞ്ഞ് ഒറ്റുകാരനെ കാട്ടിത്തന്നു
പിത്തളപ്പിടിയുള്ള ചുരികയില്ലാത്തതിനാൽ
കളരിപ്പയറ്റിനു കഴിഞ്ഞില്ല
കാലിടറിയ കുരുത്തംകെട്ട രാത്രി
കാട്ടാളനെയാണ് പ്രസവിച്ചത്
രക്തം കുടിക്കാൻ  പല്ലിളിച്ച വ്യാളിയെപ്പോലെ
പ്രണയത്തിൽ
അവൾ ചിരിച്ച് ചിരിച്ച്
അടുക്കളയിലെ അടുപ്പും കെട്ടു



പി.എ ഉസ്മാൻ പാടല

## പാരതന്ത്ര്യം

കൊടിമരത്തിൽ
പതാക പിടയുന്നു
തന്നെ വരിഞ്ഞുമുറുക്കിയ
ഊരാക്കയറിൽനിന്നും
ഒരു മോചനത്തിനായ്

## കർച്ചീഫ്

ആരോടൊപ്പമായിരുന്നാലും
ഒടുവിൽ
കണ്ണീരൊപ്പുവാൻ
അവൻ മാത്രമായിരിക്കും.

## മതിലുകൾ

വേലിക്കമ്പുകൾ
വലിച്ചു കീറി
വേണ്ടപ്പെട്ടവരെ
വേണ്ടാത്തവരാക്കി